**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6815** **11-07-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലാ കളക്ടറുടെ 05.04.2022 തീയതിയിലെ DCKNR/7270/2017-L4 നമ്പർ ഉത്തരവിനാൽ കല്യാശ്ശേരി അംശം ദേശത്തെ റീസർവ്വേ 387/2-ൽപ്പെട്ട 4ആർ 5 ച.മീ ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി സബ് രജിസ്ട്രാറാഫീസിന് കെട്ടിടം നിർമ്മിക്കുവാൻ കൈമാറിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും 2,52,10,000/- രൂപയുടെ എസ്റ്റിമേറ്റും സഹിതം 18.10.2023-ൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിലേക്ക് സമർപ്പിക്കുകയും, ടി വിഷയത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റ് വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ